പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2615

14/12/2015 -ൽ
മറുപടിയ്ക്കു്

**<u>ദേവസ്വം ബോർഡ് ക്ഷേത്ര ഭൂമി കൈയേറ്റം</u>**

<u>ചോദ്യം</u>

ശ്രീ. കെ. അജിത്

എ) ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി, കയ്യേറ്റം മൂലം അന്യാധീനപ്പെടുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വൈക്കം ഗ്രൂപ്പിൻെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി, കയ്യേറ്റം മൂലം അന്യാധീനപ്പെട്ടു പോയിട്ടുണ്ടോ; വ്യക്തമാക്കുമോ;

ബി) എങ്കിൽ ഇത് തിരിച്ചുപിടിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂമി തിരിച്ചു പിടിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ഭൂമിയിലെ കയ്യേറ്റം തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനും ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം ഒഴിവാക്കുന്നതിന് സ്പെഷ്യൽ ദേവസ്വം തഹസീൽദാർ മുഖേന ദേവസ്വം ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും കണ്ടെത്തുന്ന അനധികൃത കയ്യേറ്റം 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ച് ഒഴിപ്പിച്ചെടുത്തു വരുന്നുമുണ്ട്. മലബാർ ദേവസ്വം വക ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും, കയ്യേറപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമി കയ്യേറ്റം തടയുന്നതിന് മാത്രമായി ഒരു കേരളാ ലാൻറ് കൺസർവൻസി യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഗുരുവായൂർ ദേവസ്വം അധീനതയിലുള്ള ഭൂമികളുടെ സംരക്ഷണം നടത്തുന്നതിന് ദേവസ്വം സർവ്വെയർ, ഹെൽത്ത് സൂപ്പർവൈസർ, ദേവസ്വം ഇൻസ്പെക്ടർ എന്നിവരടങ്ങിയ സ്ക്വാഡ് അഡ്മിസ്ട്രേറ്ററുടെ കീഴിൽ പ്രവർത്തിച്ചു വരുന്നതും സ്ഥലങ്ങൾ നിരന്തരം പരിശോധിച്ച് കയ്യേറ്റങ്ങൾ ഉണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തി അതിർത്തി സംരക്ഷിച്ചുവരുന്നതുമാണ്. കൂടൽമാണിക്യം ദേവസ്വത്തിൽ ഒരു സ്പെഷ്യൽ തഹസിൽദാരെയും സർവ്വെയറേയും നിയമിക്കുകയും ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വൈക്കം ഗ്രൂപ്പിനു കീഴിലുള്ള ക്ഷേത്ര ഭൂമികളുടെ ചില ഭാഗങ്ങൾ കയ്യേറ്റംമൂലം അന്യാധീനപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തിരിച്ചുപിടിക്കുന്നതിന് ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ